Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort, Thrissur - 680005, Kerala, India

30.07.2026

# ജൂബിലി നേഴ്സിങ്ങ് കോളേജിന് എ പ്ലസ് അംഗീകാരം

കേരള സർവകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് നഴ്സിങ്ങ് കോളേജുകളിൽ ഗുണനിലവാരമുള്ള വിദ്യഭ്യാസ രീതികളും അക്കാദമിക് മികവും ഉറപ്പുവരുത്തുന്ന ക്യു.എ.എസ്. വിലയിരുത്തലിൽ ഏറ്റവും ഉയർന്ന ഗ്രേഡായ എ പ്ലസ് ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങ് കരസ്ഥമാക്കി. പ്രസ്തുത അവാർഡ് ദാന ചടങ്ങും 'നാഷണൽ എഡ്യുക്കേഷൻ പോളിസി ആന്റ് ക്വാളിറ്റി എൻഹാൻസ്മെന്റ്' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ശില്പശാലയും നടത്തി. ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതം ആശംസിച്ചു. തൃശ്ശൂർ അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അദ്ധ്യക്ഷത വഹിച്ചു. ആരോഗ്യ സർവ്വകലാശാല വൈസ് ചാൻസിലർ ഡോ. മോഹനൻ കുന്നുമേൽ പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ചങ്ങനാശ്ശേരിയിലെ ബെർക്കുമൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെ ഡയറക്ടർ ഡോ. സൈമൺ തട്ടിൽ മുഖ്യ പ്രഭാഷണം നടത്തി. ജൂബിലി മിഷൻ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോയ്സൻ ചെറുവത്തൂർ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് എന്നിവർ ആശംസകളർപ്പിച്ചു. ഡോ. മോഹനൻ കുന്നുമേൽ ക്യു.എ.എസ്. എ പ്ലസ് അവർഡ് ദാനം നിർവ്വഹിച്ചു. ജൂബിലി നേഴ്സിങ്ങ് കോളേജ് പ്രിൻസിപ്പാൾ ഡോ.സി. ജൂഡി എസ്.ഐ.സി. എഡിറ്റ് ചെയ്ത 'മെഡിക്കൽ സർജിക്കൽ പ്രൊസീജ്യർ' എന്ന പുസ്തകത്തിന്റെ പ്രകാശന കർമ്മം നടന്നു. തുടർന്ന് 'നാഷണൽ എഡ്യുക്കേഷൻ പോളിസി' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ശില്പശാല ഡോ. സൈമൺ തട്ടിലിന്റെ നേതൃത്വത്തിൽ നടന്നു. തൃശ്ശൂർ അതിരൂപതയുടെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ പ്രിൻസിപ്പൽമാരും സ്റ്റാഫ് അംഗങ്ങളും ശില്പശാലയിൽ പങ്കെടുത്തു. ക്യു.എ.എസ്. നോഡൽ ഓഫീസറും വൈസ് പ്രിൻസിപ്പാളുമായ ഡോ.സി. ട്രീസ ആന്റോ നന്ദി രേഖപ്പെടുത്തി.